## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4788 | 05.02.2014 ലെ മറുപടിയ്ക്ക്

## വൈപ്പിൻ മണ്ഡലത്തിലെ കടാശ്വാസ ധനസഹായ വിതരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എസ്.ശർമ്മ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | വിളനാശം മൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് കടാശ്വാസ കമ്മീഷൻ നിർദ്ദേശിച്ച ആശ്വാസ ധനസഹായം ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ: | (എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം നാളിതുവരെ 118,05,39,412/- രൂപ കടാശ്വാസ വിതരണത്തിനായി സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) | വൈപ്പിൻ മണ്ഡലത്തിലെ ഇത്തരത്തിലുള്ള എത്ര കർഷകർക്ക് ധനസഹായം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ; | (ബി) കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്യുന്ന കടാശ്വാസത്തിന്റെ മണ്ഡലാടിസ്ഥാനത്തിൽ ഉള്ള കണക്ക് ലഭ്യമല്ല. |
| (സി) | കമ്മീഷൻ മുമ്പാകെ തീരുമാനം പ്രതീക്ഷിച്ച് വൈപ്പിൻ മണ്ഡലത്തിലെ എത്ര അപേക്ഷകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (സി) എറണാകുളം ജില്ലയിൽ നിന്ന് കമ്മീഷൻ മുമ്പാകെ ലഭിച്ച അപേക്ഷകൾ എല്ലാം തന്നെ തീർപ്പാക്കിയിട്ടുണ്ട്. |
| (ഡി) | യഥാസമയം ധനസഹായം ലഭിക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) കമ്മീഷൻ ശിപാർശ ചെയ്യുന്ന കടാശ്വാസം അതാത് വർഷത്തെ ബജറ്റ് വിഹിതത്തിന്റെ ലഭ്യത അനുസരിച്ചാണ് ബന്ധപ്പെട്ട ബാങ്കുകൾക്ക് വിതരണം ചെയ്യുന്നതിനായി സഹകരണം സംഘം രജിസ്ട്രാർക്ക് അനുവദിക്കുന്നത്. അനുവദിക്കുന്ന കടാശ്വാസ തുക അർഹതപ്പെട്ടവർക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ തുക വിതരണം ചെയ്യുന്നതിന് മുമ്പ് ആവശ്യമായ പരിശോധനകൾ നടത്താൻ രജിസ്ട്രാർക്ക് നിർദ്ദേശം നൽകുന്നുണ്ട്. ഇത്തരത്തിൽ പരിശോധന നടത്തുന്നതുമൂലം സർക്കാർ അനുവദിക്കുന്ന തുകയുടെ വിതരണത്തിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. എങ്കിലും തുക അനുവദിക്കുമ്പോൾ തന്നെ അതിന്റെ വിതരണം വേഗത്തിലാക്കാൻ രജിസ്ട്രാർക്ക് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ, കടാശ്വാസ വിതരണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിട്ടുള്ള 15 കോടി രൂപയ്ക്കു പുറമേ, അധിക ധനാഭ്യർത്ഥന വഴി കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ